**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 234** **07-10-2024 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ ജില്ല / ജനറൽ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ച വരുന്നു. രോഗികൾക്ക് ചികിത്സയും മരുന്നുകളും സൗജന്യമായാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നത് . ഗുരുതര ശ്വാസകോശ രോഗമായ COPD നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി SWAAS (Step Wise Approach for Airway Disease) എന്ന പേരിൽ COPD നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 172 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയബറ്റിക് റെറ്റിനോപ്പതി കണ്ടെത്തുന്നതിനുള്ള നോൺ-മിടിയാട്രിക് ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട് . ഡയബെറ്റിസ്, രക്താതിമർദ്ദം എന്നിവ നിയന്ത്രണ നിരക്കിൽ എത്തിക്കുന്നതിനുള്ള ഐ. എച്ച്.സി. ഐ. എന്ന പരിപാടി 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ആശാ പ്രവർത്തകർ ഗൃഹസന്ദർശനത്തിലൂടെ 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ജീവിതശൈലീരോഗ ഹേതുക്കളുടെ ഒരു പര്യവേഷണം ഇ-ഹെൽത്ത് തയ്യാറാക്കിയ “ശൈലി” എന്ന ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കുന്നു. ജീവിത ശൈലീ രോഗങ്ങൾ വരാതെ ജനങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമായ വ്യായാമം പ്രോത്സാഹിപ്പിക്കുതിന് ഓപ്പൺ ജിം, ഭക്ഷണരീതി, ലഹരിയോടുള്ള ആസക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവത്ക്കരണവും ആരോഗ്യ വകുപ്പിലൂടെ നൽകി വരുന്നുണ്ട്. കൂടാതെ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ 25 ആശുപത്രികളിലേയ്ക്ക് വികസിപ്പിച്ചിട്ടുണ്ട്. വീടുകളിൽ |

വച്ച് തന്നെ ഡയാലിസിസ് ചെയ്യാൻ സാഹചര്യം ഒരുക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയും സംസ്ഥാന ആരോഗ്യ വകുപ്പ് 14 ജില്ലകളിലും ആരംഭിച്ചു. പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സ്ട്രോക്ക് യൂണീറ്റുകളും പ്രവർത്തന സജ്ജമായിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജീവിതശൈലി രോഗബാധിതരായി വരുന്ന എല്ലാ രോഗികൾക്കും രോഗനിർണ്ണയം, ചികിത്സ, തുടർ ചികിത്സ എന്നിവ ലഭ്യമാക്കിയിട്ടുള്ളതിന് പുറമെ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള യു.എച്ച്.ടി.സി, ആർ.എച്ച്.ടി.സി എന്നിവ വഴി ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി, 30 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ ഉയരം, ഭാരം എന്നിവ കണ്ടെത്തി BMI കണക്കാക്കുകയും ബി.പി, ഷുഗർ പരിശോധന നടത്തുകയും ചെയ്യുന്നു. രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്ന വ്യക്തികളെ ആരോഗ്യ കേന്ദ്രത്തിലേക്കയച്ച് വിദഗ്ധ സേവനം നൽകുന്നതിനായി ആരോഗ്യ ഉപകേന്ദ്രങ്ങളിൽ നിശ്ചിത ദിവസങ്ങളിലും, ആരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും ജീവിതശൈലി ചികിത്സാ ക്ലിനിക്കുകളും നടത്തി വരുന്നു. കൂടാതെ ജീവിതശൈലി രോഗ ക്ലിനിക്കുകളിൽ ആവശ്യമായ ബോധവത്ക്കരണവും നൽകി വരുന്നു. കൂടാതെ ഓരോ മാസത്തിലും കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡ് തലത്തിലും NCD ക്ലിനിക്കുകൾ നടത്തി വരുന്നു.

പ്രമേഹം, രക്താദിസമ്മർദ്ദം എന്നിവ കൊണ്ടുണ്ടാകുന്ന കണ്ണുകളെയും, നാഡികളെയും ബാധിക്കുന്ന സങ്കീർണ്ണതകൾ നേരത്തേ കണ്ടെത്താനും തടയാനുമുള്ള പരിശോധനകൾ ആശുപത്രികൾ കേന്ദ്രീകരിച്ച് നടത്തി വരുന്നു. പ്രമേഹം, രക്താദിസമ്മർദ്ദം എന്നിവ കാരണമുണ്ടാകുന്ന വൃക്കരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള രക്തപരിശോധനയും ഹെൽത്ത് ചെക്കപ്പുകളും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ നടത്തി വരുന്നു. മെഡിക്കൽ കോളേജുകളിൽ മറ്റ് രോഗികളുമായി എത്തുന്നവരിലും ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് ചികിത്സ നൽകുകയും, തുടർ ചികിത്സ രോഗിയുടെ വീടിനടുത്തുള്ള ആരോഗ്യ കേന്ദ്രം

| | | | |
|---|---|---|---|
| | | | വഴി ഉറപ്പുവരുത്തുന്നതിനായി ബാക്ക് റഫറൻസും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത രോഗങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി സ്കൂൾതലത്തിലുള്ള പാഠഭാഗത്തിൽ ഈ മേഖല ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ